# തൂലിക

Newsletter of
Jesus Youth
*Dubai*

Issue 566
09 August 2019
www.thoolikaa.net



Onlie
**ഏദൻതോട്ടം**
പേജ് 4 കാണുക

ദൈവാനുഭവത്തിന്റെ സുഗന്ധം വിതറുന്ന
ജീസസ് യൂത്ത് ആരാമത്തിലെ
പതിനാലു ദളങ്ങളും ആത്മാവിൽ ഒന്നാകുന്നു...

## ഇനിമുതൽ ഒരേ ദിനത്തിൽ...

ആത്മാവിൽ ആരാധിക്കാൻ, ആഹ്ലാദം പങ്കുവയ്ക്കാൻ...
ഒരുമനമായ് നമുക്ക് ഒത്തുചേരാം...
കാത്തിരിക്കാം... കൃപയൊഴുകുന്ന മണിക്കൂറിനായ്...

"അങ്ങനെ നിങ്ങളൊത്തൊരുമിച്ച് ഏകസ്വരത്തിൽ
നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ ദൈവവും പിതാവുമായവനെ
മഹത്വപ്പെടുത്താനിടയാകട്ടെ."

*റോമാ. 15:6*




ലക്കം 566
09 ആഗസ്റ്റ് 2019

# തൂലിക

ജീസസ് യൂത്ത് ദുബായുടെ വാരാന്ത്യ പതിപ്പ്

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| യൂകാറ്റ് കോർണർ | 08 |
| ഹൃദ്യസ്ഥമാക്കാൻ ഒരു വചനം | 08 |
| വാർത്തകൾ | 09 |
| അറിയിപ്പുകൾ | 10 |


## മൊഴിമുത്തുകൾ

"നിങ്ങൾ നിങ്ങളുടെ കുരിശ്
സന്തോഷപൂർവം വഹിച്ചാൽ
അതു നിങ്ങളെ വഹിച്ചുകൊള്ളും."
-തോമസ് അകെംപിസ്(1379/1380-1471)

പതിനാല് സോണൽ കൂട്ടായ്മകളും
പതിനാല് വിശുദ്ധരുടെ മാദ്ധ്യസ്ഥം
സ്വീകരിച്ച് ഇനിമുതൽ ഒരേ ദിവസം
ഒരേ സമയം ദൈവത്തെ
മഹത്വപ്പെടുത്താൻ ഒരുമിച്ചു ചേരുന്നു.

**Wednesday 8.15pm to 9.45pm**



## സോണൽ കൂട്ടായ്മകൾ

എല്ലാ ബുധനാഴ്ചകളിലും വൈകീട്ട്
8.15മുതൽ 9.45വരെ

**സെന്റ് മേരീസ് - കരാമ**
നിഷ 056 4897592

**സെന്റ് മരിയ ഗൊരേത്തി - ബർദുബായ്**
ആന്റോ 056 532 2165

**സെന്റ് ജോസഫ് - ലുലു വില്ലേജ്**
ആൻസി 052 7539188

**സെന്റ് സെബാസ്റ്റ്യൻ - അൽ നാഹ്ദ**
സുനിൽ 050 1470885

**സെന്റ് അൽഫോൻസ - അൽഖിസൈസ്**
എബിൻ - 056 8689312

**സെന്റ് ആന്റണീസ് - സോനാപൂർ**
ഫ്രാൻസിസ് 056 9645184

**സെന്റ് ജോൺ മരിയ വിയാനി - അൽഖൂസ്**
ഡയസ് - 050 1904337

**സെന്റ് ജോർജ്ജ് - റാഷിദിയ**
ലിജോ കുരുവിള - 056 4152208

**സെന്റ് ജൂഡ് - മുത്തീന**
ജോജോ തോമസ് 052 1158226

**ഇൻഫന്റ് ജീസസ് - അൽബറാഹ**
പ്രിൻസ് ജോർജ്ജ് 052 7087623

**സെന്റ് മൈക്കിൾസ് - സത്വ**
സെബി 054 4207201

**സെന്റ് ഫ്രാൻസിസ് അസീസ്സി**
**ഹോർ അൽ ആൻസ്**
സബിൻ 052 8838576

**സെന്റ് പാദ്രേ പിയോ**
**ഇന്റർനാഷ്ണൽ സിറ്റി**
റീഗൻ 052 2011701

**സെന്റ് പോൾ - സിലികോൺ ഒയാസിസ്**
ജോർമ്മി 052 9783044

# നന്മയുടെ വഴിയേ നീങ്ങാം... നാളെയുടെ വിശുദ്ധരാകാം...

ക്ലാസ്സിലെ ഏറ്റവും മിടുക്കനും സ്കൂളിൽ ഏവർക്കും പ്രിയപ്പെട്ടവനുമായിരുന്നു റോഷൻ. പഠനത്തിലും കലാ കായികമേഖലകളിലും മുൻപന്തിയിൽ നില്ക്കുന്ന ഒരു ഒമ്പതാം ക്ലാസുകാരൻ. സ്കൂൾ ജീവിതം മനോഹരമായി പോകുന്നതിനിടയിലാണ് തന്റെ വലിയൊരു ആഗ്രഹം അവൻ വീട്ടിൽ അവതരിപ്പിച്ചത്. തന്റെ കൂട്ടുകാരിൽ പലരും രഹസ്യമായി ഉപയോഗിക്കുന്നതുപോലെയുള്ള ഒരു മൊബൈൽ ഫോൺ. മകന്റെ ഏത് ആവശ്യവും സാധിച്ചുകൊടുക്കുന്ന അവന്റെ മാതാപിതാക്കൾ ആ ആഗ്രഹവും സാധിച്ചുനല്കി. .എന്നാൽ, പിന്നീടങ്ങോട്ട് അവൻ വിചാരിച്ചതിനു വിപരീതമായി അവന്റെ ജീവിതം മാറുവാൻ തുടങ്ങി. രാത്രി ഏറെവൈകിയും മൊബൈലിൽ ചിലവഴിക്കുന്നതും തെറ്റായ പല കൂട്ടുകെട്ടുകളിൽ വീണുപോയതുമെല്ലാം പരീക്ഷകളിലെ മോശം പ്രകടനം അധ്യാപകർ വിളിച്ചുപറഞ്ഞപ്പോഴാണ് അവർ അറിഞ്ഞത്. എന്നാൽ, കൃത്യസമയത്തു അപ്പൻ ഇടപെട്ടതോടെ അവന്റെ ജീവിതം തിരിച്ചുപിടിക്കുവാൻ അവർക്ക് കഴിഞ്ഞു.

പ്രിയപ്പെട്ടവരെ, ഒറ്റപ്പെട്ട് നടക്കുന്ന ഒരു സംഭവമല്ല മേൽ വിവരിച്ചത്. ഇന്ന് അനേകം കുടുംബങ്ങളിൽ സംഭവിക്കുന്ന ഒരവസ്ഥയാണിത്. യുവജനങ്ങളായ നമ്മെയും പലതരത്തിലുള്ള പാപമേഖലകളിലേക്ക് ഈ ഇന്റർനെറ്റ് പോലുള്ളവ തള്ളിവിടുന്നുണ്ട്. പാപം ചെയ്യാതെ ജീവിക്കണം എന്ന് നമുക്കൊക്കെ വലിയ ആഗ്രഹമുണ്ട് അല്ലേ.? എന്നാൽ, പലപ്പോഴും അത് നടക്കാറുണ്ടോ? അലസമായ മനസ്സ് സാത്താന്റെ പണിപ്പുരയാണെന്ന് നാമൊക്കെ പലവട്ടം കേട്ടുമറന്നിരിക്കുന്നു. ഏകാന്തതയുടെയും ഒറ്റപ്പെടലിന്റെയും സമയങ്ങളിൽ സമയംപോക്കുവാനാണ് പലപ്പോഴും നാം ഇന്റർനെറ്റിൽ വിരലോടിക്കുന്നത്. എന്നാൽ, നാം അറിയാതെ തന്നെ നമ്മെ പാപത്തിൽ വീഴ്ത്തുന്ന സാഹചര്യത്തിലേക്ക് അത് നമ്മെ കൊണ്ടെത്തിക്കുന്നു. അശ്ലീലതയുടെയും മറ്റ് ജഢിക മേഖലയുടെയും പിടിയിൽപ്പെടുത്തി നമ്മുടെ ജീവിതം താറുമാറാക്കുന്നു. ജീവിതത്തിലെ സമാധാനം ഇല്ലാതാക്കുന്നു. പാപം ചെയ്യുവാൻ നാം അധികം കഷ്ടപ്പെടേണ്ടിവരില്ല എന്നതാണ് സത്യം. എന്നാൽ നന്മയിൽ ജീവിക്കാൻ, തിന്മയുടെ ശക്തിക്കെതിരെ പോരാടുവാൻ നാം നന്നായി പരിശ്രമിക്കേണ്ടതുണ്ട്. അതിന് പ്രാർത്ഥനയുടെയും യഥാർത്ഥ അനുതാപത്തിന്റെയും ശക്തി നമുക്കു കൂടിയേ തീരൂ. അടിക്കടിയുള്ള വിശുദ്ധ കുമ്പസാരത്തിലൂടെ കടന്നുപോകുകയും വീണ്ടും പാപത്തിൽ വീണുപോകാതിരിക്കുവാനുള്ള കൃപയ്ക്കായി തീക്ഷ്ണമായി പ്രാർത്ഥിക്കുകയും ചെയ്തെങ്കിൽ മാത്രമേ ഈ ലോകത്തിൽ നമുക്കു പിടിച്ചുനില്ക്കാൻ കഴിയൂ. ഇനിയുള്ള നമ്മുടെ ജീവിതം പ്രലോഭനങ്ങളുടെ ചൂടേറ്റ് വാടിപ്പോകാതെ പ്രാർത്ഥനയുടെ കരുത്തിൽ മുന്നേറട്ടെ. നാളെയുടെ വിശുദ്ധരാകുവാൻ ഇന്നേ നമുക്ക് പരിശ്രമിച്ചുതുടങ്ങാം.

സ്നേഹപൂർവ്വം,
റിജോ മണിമല
എഡിറ്റർ

ലേഖനം: മൊബീന ബേബി



# ഓൺലൈൻ ഏദൻതോട്ടം

പ്രവാസജീവിതത്തിലെ ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണ് ഏകാന്തത. മാതാപിതാക്കളുടെ ശ്രദ്ധയോ സഹോദരങ്ങളുടെ സാമീപ്യമോ ബന്ധുജനങ്ങളുടെ സാന്നിദ്ധ്യമോ വിശ്വസ്ത സൗഹൃദങ്ങളുടെ തണലോ ലഭ്യമാകാത്ത വിരസതയുടെ മരുഭൂമിയിലാണ് ഭൂരിഭാഗവും ജീവിക്കുന്നത്. ജോലിയുടെ പിരിമുറുക്കത്തിൽനിന്നും ഗൃഹാതുരത്വത്തിന്റെ നൊമ്പരങ്ങളിൽ നിന്നുമുള്ള റിലാക്സേഷൻ പലരും കണ്ടെത്തുന്നത് സോഷ്യൽമീഡിയ എന്ന മരീചികയിലാണ്-അതാണ് ഇന്നിന്റെ ഏദൻതോട്ടവും. വിജ്ഞാനത്തിന്റെ വിലപ്പെട്ട കലവറ- ലോകത്തെ വിരൽത്തുമ്പിലൊതുക്കുന്ന ടെക്നോളജിയുടെ അപാരത-അകലെയുള്ള ബന്ധങ്ങൾ അടുത്തുണ്ടെന്നു ആശ്വസിപ്പിക്കാനും ആരോഗ്യകരമായ സൗഹൃദങ്ങൾ കെട്ടിപ്പടുക്കാനുമുള്ള അനന്തസാധ്യതകൾ- അഭിപ്രായങ്ങളും ആശയങ്ങളും കഴിവുകളും വൈറലാക്കാനുള്ള മാജിക്- ഇപ്രകാരം വിവേകപൂർവ്വം കൈകാര്യം ചെയ്താൽ സമാധാനപരമായി സംതൃപ്തിയോടെ ഒഴിവുവേളകൾ ഫലപ്രദമാക്കാൻ കഴിയുന്ന ഒന്നാണ് നവമാധ്യമകൾ (സോഷ്യൽ മീഡിയ).

## Chatting to Cheating

ഒറ്റയ്ക്കായ ഹവ്വായെ തേടിയെത്തുന്ന പാമ്പിനെപ്പോലെ മൊബൈലിന്റെ ചെറുചതുരത്തിന്റെ സ്വകാര്യതയിൽ ചില 'Hi' കളും 'Hai' കളും പിന്നെപ്പതിയെ

കുശലാന്വേഷണവും പറന്നെത്തും. ഫേസില്ലാത്ത ഫ്രണ്ട് പതിയെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാകും. തന്റെ മറുപാതിയോ മനസാക്ഷിസൂക്ഷിപ്പുകാരോ അറിയാത്ത രഹസ്യബന്ധമായി അതു വളരും. പതിയെ സംഭാഷണം ജഡമോഹങ്ങളിലേക്കു തിരിയും. പാപത്തെ നിസ്സാരവത്ക്കരിക്കും. ചാറ്റിംഗ് വീഡിയോകളിലേക്കും വീഡിയോകോളിലേക്കും വഴിമാറും. വിലക്കപ്പെട്ട കനിയുടെ രുചി അറിയുവാനുള്ള ആകാംഷ ജനിക്കും.

**ചൂണ്ടക്കൊളുത്തുകൾ**


'ഈ വീഡിയോ കണ്ടാൽ നിങ്ങൾ ഞെട്ടും', 'രാത്രിയിൽ അവൾക്ക് എന്തു സംഭവിച്ചു?', 'ഇരുട്ടിന്റെ മറവിൽ അവർ എന്തു ചെയ്തു?'

തുടങ്ങിയ തലവാചകങ്ങൾ മനസിന്റെ ആകാംഷയെ വർദ്ധിപ്പിക്കുകയും അരുതാത്തതു ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യും. യൂ ട്യൂബിൽ മറ്റു വീഡിയോകൾ സെർച്ച് ചെയ്യുമ്പോഴും അശ്ലീലവീഡിയോകളുടെ പരസ്യങ്ങൾ കടന്നുവരുന്നതും ഒരു ചൂണ്ടക്കൊളുത്താണ്- പാപത്തിന്റെ ആ ഇരയിൽ കുടുങ്ങിയാൽ പുറത്തുവരിക അത്ര എളുപ്പമല്ല.

ദൃശ്യങ്ങളുടെ വിസ്മയംകൊണ്ട് മനുഷ്യനെ കബളിപ്പിക്കാനാണ് ദുഷ്ടശക്തികൾ ശ്രമിക്കുന്നത്. അതിനവർക്കേറ്റവും സൗകര്യപ്രദമായ പ്ലാറ്റ്ഫോമായി ഇന്റർനെറ്റിനെ അവർ മാറ്റിയെടുത്തിരിക്കുന്നു. ബ്ലുവെയ്‌ലും റോമോയും പോലുള്ള ഗെയിമുകളും വികസിപ്പിച്ചെടുത്തിരിക്കുന്നത് ഹവ്വായോടുള്ള അതേ തന്ത്രം പ്രയോഗിച്ചാണ്.

**"എന്തെന്നാൽ, ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ**

*തുടർച്ച... പേജ് 9*



# വി. ഈഡിത്ത് സ്റ്റെയിൻ (1891-1942)

വ്യാപാരികളും ഭക്തരുമായ ആളുകളുടെ ഒരു വലിയ യഹൂദ കുടുംബമാണ് ഈഡിത്തിന്റേത്. ജർമ്മനിയിലെ ബ്രസ്ലോ ആയിരുന്നു അവരുടെ വാസസ്ഥലം. ഈഡിത്ത് സ്റ്റെയിൻ ജനിച്ചത് 1891-ലാണ്. ഈഡിത്തിന് മൂന്നു വയസ്സുള്ളപ്പോൾ പിതാവ് പെട്ടെന്ന് നിര്യാതനായി. വിസ്മയകരമായ കഴിവുള്ളവളായിരുന്നു അമ്മ. വ്യാപാരസംബന്ധമായ വലിയ ജോലികൾ അവൾ ഏറ്റെടുത്തു. കുടുംബകാര്യങ്ങളും അന്യൂനം അവൾ നിർവ്വഹിച്ചു.

വലിയ ബുദ്ധിമതിയായിരുന്നു ഈഡിത്ത്. ഒരു നാസ്തിക വാദിയെപ്പോലെ വർത്തിച്ച അവൾക്ക് സർവ്വകലാശാലയിൽ എഡ്മണ്ട് ഹുസ്സേളിന്റെ തത്വശാസ്ത്രത്തിൽ താൽപര്യം ജനിച്ചു. ദിവംഗതനായ ഒരു പ്രൊഫസ്സറുടെ ചില രേഖകൾ വേർതിരിച്ചു കൊടുക്കുവാൻ വിധവയെ സഹായിച്ചുകൊണ്ടിരുന്ന സന്ദർഭം ഈഡിത്തിന് കത്തോലിക്കാ വിശ്വാസത്തിലേയ്ക്ക് ചിന്ത തിരിക്കാൻ കാരണമായി. പ്രസ്തുത കത്തോലിക്കാ വിധവ പ്രിയപ്പെട്ട ഭർത്താവിന്റെ മരണത്തിലുണ്ടായ വേദനയെ ഈശോയുടെ കുരിശിലുള്ള പങ്കാളിത്തമായി സ്വീകരിച്ചത് ഈഡിത്തിനെ വികാരതരളിതയാക്കി. മറ്റൊരിക്കൽ വേറൊരു സ്നേഹിതയുടെ ഭവനത്തിൽ വച്ച് സാന്ദർഭികമായി ഈഡിത്ത് ആവിലായിലെ വി. ത്രേസ്യായുടെ ആത്മകഥ വായിക്കാനിടയായി. ഒറ്റയിരുപ്പിൽ പുസ്തകം മുഴുവൻ വായിച്ചു തീർത്ത ശേഷം ഈഡിത്ത് ഉത്ഘോഷിച്ചു. ഇതാണ് സത്യം. ഉടൻതന്നെ ഒരു കത്തോലിക്കാ മതപഠനഗ്രന്ഥവും കുർബ്ബാന ക്രമവും വാങ്ങിച്ച് മുഴുവനും വായിച്ചു മനസ്സിലാക്കി. അനന്തരം ദിവ്യബലിയിൽ സംബന്ധിക്കാൻ പോവുകയും ഉടൻതന്നെ മാമ്മോദീസ നൽകണമെന്ന് വൈദീകനോട് അഭ്യർത്ഥിക്കുകയും ചെയ്തു. വിസ്മയഭരിതനായ വൈദീകൻ അവളുടെ കത്തോലിക്കാ വിദ്യാഭ്യാസത്തെപ്പറ്റി സംശയാലുവായിരുന്നതുകൊണ്ട് ദീർഘമായ ഒരു പഠനപദ്ധതി നിർദ്ദേശിക്കാൻ ആഗ്രഹിച്ചു. എന്നാൽ അവൾ വിനീതയായി പറഞ്ഞത് അദ്ദേഹം തന്നെ അവളെ പരീക്ഷിച്ച് അറിയണമെന്നാണ്. വിശ്വാസപരമായ കാര്യങ്ങളിൽ അവൾക്കുണ്ടായിരുന്ന വിജ്ഞാനത്തിൽ അദ്ദേഹം വിസ്മയിച്ചു. ഉടൻതന്നെ അവൾക്കു സ്നാനം നൽകി.

ആഴമേറിയ നിശബ്ദ പ്രാർത്ഥനയിലേയ്ക്ക് അവൾ ആകർഷിക്കപ്പെട്ടു. എങ്കിലും ഒരു അദ്ധ്യാപികയായിത്തീരാനുള്ള നിർദ്ദേശമാണ് നിയന്താവായ പുരോഹിതൻ അവൾക്കു നല്കിയത്. തത്വശാസ്ത്രപരമായ അവളുടെ പ്രാരംഭ പഠനങ്ങളിൽ, സ്ത്രീകളുടെ ക്രിസ്തീയ വിദ്യാഭ്യാസത്തെപ്പറ്റിയുള്ള അവളുടെ നിരീക്ഷണങ്ങൾ പ്രതിഫലിക്കുന്നുണ്ട്. യുവതികളുടെ ഹൃദ്യയായ അദ്ധ്യാപികയായിരുന്നു ഈഡിത്ത്. തൊമിസ്റ്റിക് തത്ത്വശാസ്ത്ര നവീകരണത്തിൽ അവൾ സജീവമായി പങ്കെടുത്തിട്ടുണ്ട്. ബ്യൂറോണിലെ ബനഡിക്റ്റൻ ആശ്രമാധിപൻ ഈഡിത്തിന്റെ വ്യക്തിത്വത്തെ സമ്യക്കായി വിലയിരുത്തിയിട്ടുണ്ട്. നമ്മുടെ കാലഘട്ടത്തിലെ ഏറ്റം പ്രഗൽഭയായ സ്ത്രീരത്നം, ശാലീന, തികഞ്ഞ മാതൃത്വത്തിന്റെ ഉടമ എന്നൊക്കെ ആശ്രമാധിപൻ ശ്ലാഘിച്ച ഈഡിത്ത് മൗതീകാനുഗ്രഹങ്ങൾ പ്രാപിച്ചവളായിരുന്നു. അധികാരലാഞ്ചനപോലും അവളിൽ ദൃശ്യമായിരുന്നില്ല.

യഹൂദപീഡനം ആരംഭിച്ചപ്പോൾ അദ്ധ്യാപനത്തിൽ നിന്നു മാറി നില്ക്കേണ്ടി വന്ന

*തുടർച്ച... പേജ് 8*

# പുഞ്ചിരി പകരാം... ജീവിതം ധന്യമാക്കാം... *(നുറുങ്ങുചിന്ത)*

(സിജോ ജോസഫ്)

പുഞ്ചിരിക്കാൻ കഴിയുന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ അനുഗ്രഹം മറ്റൊരു ജീവിക്കും ദൈവം കൊടുക്കാത്ത ഭാഗ്യം. ലിയോനാർഡോ ഡാവിഞ്ചിയുടെ വിശ്വപ്രസിദ്ധമായ മോണാലിസ എന്ന ചിത്രം പ്രദർശനത്തിനായി അമേരിക്കയിൽ കൊണ്ടുപോയി ലക്ഷോപലക്ഷം ഡോളർ വിലമതിക്കുന്ന, കഴിഞ്ഞ മുക്കാൽ സഹസ്രാബ്ദമായി ജനകോടികളെ ആകർഷിക്കുന്ന ആ ചിത്രത്തിന് മേന്മ ആ ചിത്രത്തിലെ സുന്ദരിയുടെ ചുണ്ടിൽ ഡാവിഞ്ചി ഒരു പുഞ്ചിരി ഒരുക്കി വെച്ചുവെന്നുള്ളതാണ്. ഗവേഷകർ പറയുന്നത് ലിസയുടെ ചുണ്ടിൽ ഒരു പുഞ്ചിരി കാഴ്ച്ചവെയ്ക്കാൻ ഡാവിഞ്ചിക്ക് നാലഞ്ചു വർഷത്തെ അദ്ധ്വാനം വേണ്ടി വന്നുവെന്നുള്ളതാണ്. മോണാലിസയുടെ ചുണ്ടിൽ പുഞ്ചിരി ഒളിച്ചുവെയ്ക്കാൻ ഡാവിഞ്ചി നാലോ നാൽപ്പതോ വർഷം എടുക്കട്ടെ, നാം വലിയ കലാകാരന്മാർ അല്ലെങ്കിൽതന്നെ നാലു സെക്കന്റിനുള്ളിൽ പുഞ്ചിരി പൊഴിക്കാൻ കഴിവുള്ളവരാണ് പുഞ്ചിരി നമ്മുടെ ജീവിതം ധന്യമാക്കും. അതുപോലെ നമ്മുടെ കൂട്ടുകാരുടെയും നന്മ കാണുമ്പോൾ സ്വയം മറന്ന് ആഹ്ലാദിക്കാൻ പുഞ്ചിരി പൂക്കൾ പൊഴിക്കാൻ കഴിയുമെന്നത് എത്രയോ ധന്യമാണ്. നർമ്മബോധം ദൈവം നമുക്ക് നല്കിയ വലിയ വരദാനമാണ്. അത് ഇല്ലാത്തവരുടെ ജീവിതം ശുഷ്കവും ശൂന്യമായിരിക്കും. ആർക്കും അവരെ അഭിനന്ദിക്കാനോ ആരെയും അവർക്ക് അഭിനന്ദിക്കാനും സാധ്യമല്ല. മനസ്സ് പ്രസാദകരവും നന്മയെ ആലിംഗനം ചെയ്യുന്നതുമാണെങ്കിൽ മറ്റൊന്നുകൊണ്ടും ആർജ്ജിക്കാനാവാത്ത സൗഭാഗ്യം ഈ ലോകത്ത് നാം കൈവരിക്കും.

നന്മയെ കാണുന്നവർക്കും അതു തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നവർക്കുമാണ് പുഞ്ചിരിക്കാൻ കഴിയുന്നത്. നമ്മുടെ ഹൃദയത്തിന്റെ ഭാവം സർവ്വ പ്രധാനമാണ്. പുഞ്ചിരിയെ പറ്റി ഒരു എഴുത്തുകാരൻ ഇപ്രകാരം വിവരിക്കുന്നു, ഒരു പുഞ്ചിരിക്ക് വിലയൊന്നും കൊടുക്കേണ്ട. എന്നാൽ, അത് അമൂല്യമായ അനുഭവം പ്രദാനം ചെയ്യുന്നു. പുഞ്ചിരി നല്കുന്ന ആളിന് നഷ്ടം ഒന്നും സംഭവിക്കുന്നില്ല. എന്നാൽ, അത് സ്വീകർത്താവിന് സന്തുഷ്ടി നല്കുന്നു. ഒരു പുഞ്ചിരിക്ക് ഒരു നിമിഷം മാത്രമേ ആവശ്യമുള്ളൂ. എന്നാൽ, സ്വീകർത്താവിന് അതിന്റെ സ്മരണ ഏറിയ കാലം ചിലപ്പോൾ നിലനില്ക്കും. ഒരു പുഞ്ചിരി ഭവനത്തിൽ സന്തോഷം വരുത്തുന്നു. ബിസിനസ് രംഗത്ത് സൗമനസ്യം സൃഷ്ടിക്കുന്നു. സൗഹൃദത്തിന്റെ മുദ്രയും അടയാളവുമാണ് പുഞ്ചിരി. തളർന്നിരിക്കുന്നവർക്ക് വിശ്രാന്തി നല്കുന്നു. നിരാശ ചിലർക്ക് ഉന്മേഷം നല്കുന്നു. ദുഃഖിതർക്ക് പ്രസന്നത പ്രധാനം ചെയ്യുന്നു. പ്രശ്നങ്ങൾക്കുമുന്നിൽ ഫലപ്രദമായ മാധ്യമമായി  വർത്തിക്കുന്നു.

ഒരിക്കൽ ഒരു കൊച്ചു പെൺകുട്ടി വിടർന്ന പുഞ്ചിരിയോടെ ഒരു മിഠായി ചോദിച്ചുകൊണ്ട് ഒരു വൈദികന്റെ അടുക്കലെത്തി. അടുത്ത നിമിഷം ഒരു ആൺകുട്ടിയും ഓടിയെത്തി. പോക്കറ്റിൽ തപ്പിയപ്പോൾ ആ വൈദികന്റെ കയ്യിൽ ഒരു ചോക്ലേറ്റ് കിട്ടി. കുട്ടികൾക്ക് കൊടുക്കാൻ പോക്കറ്റിൽ ചോക്ലേറ്റ് സൂക്ഷിക്കുന്ന പതിവുകാരനാണ് അദ്ദേഹം. അയാം സോറി എന്നുപറഞ്ഞ് അദ്ദേഹം ആ ചോക്ലേറ്റ് പെൺകുട്ടിയുടെ നേരെ വെച്ചു നീട്ടി. അവൾ അത് വാങ്ങിയിട്ട് അനുജന് കൊടുത്തു അപ്പോൾ ഇളയ കുട്ടിയുടെ മുഖത്ത് പുഞ്ചിരി വിടർന്നു. മാത്രമല്ല, പെൺകുട്ടിയുടെ മുഖത്തും. അത് അവളുടെ ഇളയ സഹോദരന്റെ

*തുടർച്ച... പേജ് 9*

# നിങ്ങളുടെ സംശയവും സഭയുടെ ഉത്തരവും

**199. ക്രിസ്തു സ്വർഗത്തിലേക്ക് ആരോഹണം ചെയ്തെന്നു പറയുന്നതിന്റെ അർത്ഥമെന്താണ്?**

യേശു സ്വർഗാരോഹണം ചെയ്തതോടെ നമ്മിൽ ഒരാൾ ദൈവഭവനത്തിലെത്തുകയും എന്നേക്കും അവിടെ വസിക്കുകയും ചെയ്യുന്നു. ദൈവം തന്റെ പുത്രനിൽ മനുഷ്യരായ നമ്മോട് മാനുഷികരീതിയിൽ അടുത്തു നിലകൊള്ളുന്നു. കൂടാതെ യേശു വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്നു: "ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും"(യോഹ 12:32). (659-667)

ഉത്ഥിതനായ കർത്താവ് നാല്പതു ദിവസം തന്റെ ശിഷ്യൻമാരുമായി സവിശേഷമായ അടുപ്പം പുലർത്തി. പുതിയ നിയമപ്രകാരം ക്രിസ്തുവിന്റെ സ്വർഗാരോഹണം ആ കാലയളവ് അവസാനിപ്പിച്ചു. ആ സമയത്തിന്റെ അവസാനം ക്രിസ്തു മുഴുവൻ മനുഷ്യവംശത്തോടും കൂടെ ദൈവത്തിന്റെ മഹത്ത്വത്തിലേക്കു പ്രവേശിക്കുന്നു.

***വിശുദ്ധരുടെ ജീവിതം തുടർച്ച... പേജ് 6***

ഈഡിത്ത് തന്റെ ചിരകാലാഭിലാഷ പൂർത്തിക്കായി കർമ്മലീത്താസഭയിൽ ചേർന്നു. തെരേസിയാ ബനദിക്താ‌യെന്ന നവനാമം സ്വീകരിച്ച ഈഡിത്ത് ആന്തരികസഹനങ്ങളുടെ മദ്ധ്യേ ഈശോയോടുള്ള ഐക്യത്തിൽ വളർന്നു. സഹിക്കുന്ന യഹൂദജനതയ്ക്കായി തന്റെ സഹനങ്ങൾ അവൾ സമർപ്പിച്ചു.

പ്രവാചികയെന്ന നിലയിൽ ഹിറ്റ്ലറുടെ കല്പനകളോട് സഹകരിക്കാതിരിക്കാൻ അവൾ പ്രേരണ നല്കി. വ്യക്തികൾക്കോ സമൂഹത്തിനോ ഏതെല്ലാം തരത്തിലുള്ള സഹനമുണ്ടായാലും ഹിറ്റ്ലർക്കു വോട്ടു കൊടുക്കരുതെന്നും, അയാൾ ദൈവത്തിന്റെ ശത്രുവാണെന്നും അയാളോടൊപ്പം ജർമ്മനി പൊടിയായിതീരുമെന്നും തെരേസിയാ പറഞ്ഞു. കുരിശിന്റെ നിഴലാണ് യഹൂദരുടെമേൽ പതിച്ചുകൊണ്ടിരിക്കുന്നതെന്ന് അവർ മനസ്സിലാക്കണമെന്ന് അവൾ ആശിച്ചു.

സാവകാശം തെരേസിയായും ഹിറ്റ്ലറുടെ കൊൺസെൻട്രേഷൻ ക്യാമ്പിലേയ്ക്ക് ആനയിക്കപ്പെട്ടു. അവിടെ അവൾ പ്രാർത്ഥനയിലും യഹൂദ മാതാപിതാക്കളുടെ പരിത്യക്തരായ കുട്ടികളെ പരിചരിച്ചും സമയം ചെലവഴിച്ചു. അവളുടെ തത്ത്വശാസ്ത്ര പ്രബന്ധങ്ങളും, കർമ്മലീത്താ ദൈവവിളിയും ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായി. 1987-ൽ അദ്ദേഹം ഈഡിത്തിനെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു.

ഭാര്യയും അമ്മയുമായിരിക്കാനുള്ളതാണ് സ്ത്രീയുടെ നിയോഗമെന്ന് തെരേസിയാ പറഞ്ഞു. മൂന്നു വിഭിന്ന രീതികളിൽ അതു പൂർത്തീകരിക്കാമെന്നാണ് അവളുടെ അഭിമതം. വിവാഹത്തിൽ മനുഷ്യ പുരോഗതിയുടെ മൂല്യങ്ങൾ പ്രാവർത്തികമാക്കുന്ന ഏതെങ്കിലും ജീവിത വ്യക്തിയിൽ, ക്രിസ്തുവിന്റെ മണവാട്ടിയുടെ ശിരോവസ്ത്രത്തിനടിയിൽ, ഈഡിത്തിന്റെ പ്രബന്ധങ്ങളിൽ കാണുന്ന ആശയമാണിത്.

English Mass Timings
**St. Mary's Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am, 12 noon & 7:00 pm

## ദിവ്യബലി സമയം - മലയാളം

സെന്റ് മേരീസ് ദേവാലയം - ദുബായ്

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്

ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്

നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്

മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കോർഡിനേറ്റേഴ്സ്

**ഫാമിലി - ബെന്നി ആലഞ്ചേരി - 05 690 2721**

**ഫോർമേഷൻ - ഷാരോൺ 052 160 3818**

*(LSS, Philip Course & Paul Course)*

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മദ്ധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

## ജീസസ് യൂത്ത് - ദുബായ്

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മദ്ധ്യസ്ഥപ്രാർത്ഥന:** എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)

## ഹൃദ്യസ്ഥമാക്കാൻ ഒരു വചനം

"കർത്താവിനു നന്ദി പറയുവിൻ; അവിടുന്നു നല്ലവനാണ്; അവിടുത്തെ കാരുണ്യം എന്നേക്കും നിലനിൽക്കുന്നു."

(സങ്കീ.: 107:1)

## *പ്രാർത്ഥനാ സഹായം*

തൂലിക വെബ് സൈറ്റിലൂടെയും പ്രാർത്ഥനാസഹായം തേടാം നിങ്ങൾ ചെയേണ്ടത് ഇത്ര മാത്രം. www.thoolikaa.net സന്ദർശിക്കുക. ഇതിൽ കാണുന്നതുപോലുള്ള പ്രാർത്ഥനാസഹായ ഫോം പൂരിപ്പിക്കുക. ജീസസ് യൂത്ത് മിനിസ്ട്രികളുടെ പ്രാർത്ഥനകളോടൊപ്പം നിങ്ങളുടെ വിലയേറിയ നിയോഗങ്ങൾ കൂട്ടായ്മയിൽ സമർപ്പിക്കുന്നതാണ്.




## *മലയാളം കുമ്പസാരം*

തൂലിക വെബ് സൈറ്റിലൂടെയും ഇപ്പോൾ മലയാളത്തിലുള്ള കുമ്പസാരത്തിന്റെ സമയം അറിയാം; സന്ദർശിക്കുക www.thoolikaa.net

## *കൃതികൾ ക്ഷണിക്കുന്നു*

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേക്ക് info@thoolikaa.net എന്ന ഈ-മെയിലിലൂടെ അയച്ചു തരുമല്ലോ?

## *പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്*

ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക. ജീസസ്സ് യൂത്തിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അറിവു നൽകുന്ന ഓറിയന്റേഷൻ ക്ലാസ്സ് ഉടനെ നടക്കുന്നതാണ്. വെൽക്കം മിനിസ്ട്രിയംഗങ്ങൾ നിങ്ങളെ അക്കാര്യം വിളിച്ചറിയിക്കുമ്പോൾ താൽപര്യപൂർവ്വം പങ്കെടുക്കാൻ ശ്രദ്ധിക്കണേ...)



*നുറുങ്ങുചിന്ത തുടർച്ച... പേജ് 7*

സന്തോഷത്തിന്റെ പ്രതിഫലനമായിരുന്നു. അവൾ പുഞ്ചിരിച്ചു കൊണ്ട് ആ മാധുര്യമുള്ള സമ്മാനത്തിന് നന്ദി പറഞ്ഞു. രണ്ടു കുട്ടികളുടെയും പുഞ്ചിരി രണ്ടു വികാരത്തിൽ നിന്നായിരുന്നു ഒന്ന് ലഭിച്ചതിൽലുള്ള സന്തോഷം. മറ്റേത് നല്കിയതിലും സഹോദരനെ സന്തോഷത്തിൽ വരുത്തിയതിലും. പുഞ്ചിരിക്കുക, പുഞ്ചിരി പൊഴിക്കുക. ലോകം മുഴുവൻ നിങ്ങളോടൊത്ത് പുഞ്ചിരി പൂക്കൾ പൊഴിക്കും.

*ലേഖനം തുടർച്ച... പേജ് 5*

**അഹന്ത ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിന്റേതല്ല, പ്രത്യുത ലോകത്തിന്റേതാണ് (1യോഹന്നാൻ 2:16)"**

ജഡികാസക്തിയുടെ പ്രലോഭനങ്ങളിൽ നിന്നും രക്ഷനേടാൻ ഈശോ നമുക്കു നൽകുന്ന സൂപ്പർ ടിപ്സ് പ്രായോഗികമാക്കാം.

# Respond-Resist-Block


***പ്രതികരിക്കുക:-** വചനത്തിൽ ആശ്രയിച്ച് പ്രലോഭനത്തിൽ പതറുകയോ അതിൽനിന്നും ഒളിച്ചോടുകയോ പാടില്ല. സോഷ്യൽമീഡിയ പൂർണമായി ഒഴിവാക്കി നമുക്ക് ജീവിക്കാനുമാകില്ല. വിശപ്പിന്റെ പ്രലോഭനത്തെ ക്രിസ്തു അതിജീവിച്ചത് വചനത്തിന്റെ ശക്തിയാൽ തിരിച്ചടിച്ചാണ്. അതിനാൽ പ്രലോഭനം ശക്തമാകുമ്പോൾ ചിന്തകളെ ദൈവവചനത്തിലേക്ക് വഴിതിരിച്ചുവിടുക.

***പ്രതിരോധിക്കുക:-** ലൗകികസുഖങ്ങളുടെ ഇന്ദ്രിയാനുഭൂതി പിശാച് വെച്ചുനീട്ടിയപ്പോൾ തന്നെ കാത്തിരിക്കുന്നത് കാൽവരിയിലെ സഹനയാഗമാണെന്നറിഞ്ഞിട്ടും കർത്താവ് ചഞ്ചലപ്പെട്ടില്ല. സഭയിലെ വിശുദ്ധരും നമ്മെ കാണിച്ചുതരുന്നത് ഇതാണ്. ആകെ ഒഴിവുകിട്ടുന്ന വെള്ളിയാഴ്ച്ച മുഴുവൻ പള്ളിയിൽ പോയിട്ടെന്തുകാര്യമെന്നു പരിഹസിക്കുന്ന റൂംമേറ്റുകളും സഹപ്രവർത്തകരും മണലിൽ പണിതുയർത്തിയ വീടുപോലെ ചെറിയപ്രശ്നങ്ങളിൽപ്പോലും അടിപതറുന്നത് കാണാം.

വിശ്വാസത്തിന്റെ പരിചകൊണ്ടുമാത്രമേ നൈമിഷികസുഖങ്ങൾ വച്ചുനീട്ടുന്ന ആസക്തികളിൽനിന്നും രക്ഷനേടാനാവൂ.

***അവസാനിപ്പിക്കുക:-** പ്രലോഭനങ്ങളെ മുളയിലെ നുള്ളിക്കളയാൻ ശ്രദ്ധിക്കണം. ചാറ്റിംഗുകൾ വഴിതെറ്റുന്നുവെന്ന് തിരിച്ചറിയുമ്പോൾ തന്നെ അത് അവസാനിപ്പിക്കുക. No പറയേണ്ടിടത്ത് പറയുക. ഇടയ്ക്കിടെ സോഷ്യൽ മീഡിയ uninstall ചെയ്ത് നാം അതിനോട് എന്തുമാത്രം addict ആണെന്ന് തിരിച്ചറിയാം.

ഓൺലൈൻ മാധ്യമങ്ങളിലൂടെ സുവിശേഷം മറ്റുള്ളവരിലേക്കെത്തിക്കാനുള്ള ജീസസ്സ് യൂത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയാകുക. മീഡിയ ഇവാഞ്ചലൈസേഷൻ നടത്തുക, ഡിജിറ്റൽ മിഷനറിമാർ ഉയർന്നുവരേണ്ടതുണ്ട്. തിന്മയുടെ അഴുക്കിനെ നന്മയുടെ ആത്മനിറവിനാൽ നീക്കികളയാം.
ഓൺലൈൻ ഏദൻതോട്ടങ്ങളിലെ വിലക്കപ്പെട്ട കനികളിലേക്കു വിരൽ ചൂണ്ടുന്ന സൈബർസാത്താന്മാരെ തിരിച്ചറിഞ്ഞ് അവരോട് പറയാം-ദൂരെപ്പോകൂ-ഞങ്ങൾ ക്രിസ്തുവിന്റെ ന്യൂജെൻ ശിഷ്യന്മാരാകുന്നുവെന്ന്!




For Private Circulation (Within The Church Compound) Only

Jesus Youth DUBAI

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Jobin Augustine for Literature & Media Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Saneesh George
**Editor** : Rijo Manimala **Cover** : Rinto Varghese
**E-mail** : info@thoolikaa.net **Web** : http://thoolikaa.net